# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**വിഷൻ - 2013**

5615 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിഷൻ - 2013 എന്ന പ്രത്യേക എൻട്രൻസ് കോച്ചിംഗ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിലുളള വിദ്യാർത്ഥികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഈ വിഭാഗക്കാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് എൻട്രൻസ് കോച്ചിംഗിന് നൽകിയിട്ടുളളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>വിജ്ഞാൻവാടികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

5616 ശ്രീ. കെ. അച്ചുതൻ
'' കെ. മുരളീധരൻ
'' വി. റ്റി. ബൽറാം
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിജ്ഞാൻവാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) പട്ടികജാതി സങ്കേതങ്ങളിൽ എന്തെല്ലാം ആധുനിക സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) വിജ്ഞാൻവാടികൾക്ക് കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>പ്രത്യേക ഘടക പദ്ധതിയിൽ വകകൊള്ളിച്ച തുക</u>

5617 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക ഘടക പദ്ധതിയിലെ പൂൾഡ് ഫണ്ട്, ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം എന്നിവയ്ക്ക് 2011-2012 ലെ ബഡ്ജറ്റിൽ എത്ര ലക്ഷം രൂപ വകകൊള്ളിച്ചുവെന്നും അതിൽ എത്ര ലക്ഷം രൂപാ വീതം ചെലവഴിച്ചുവെന്നും ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുകകളിൽ ഏതെങ്കിലും തുക പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എന്തു തുക വീതമാണ് കൈമാറിയിട്ടുള്ളതെന്നും പ്രസ്തുത സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളേതൊക്കെയാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## <u>പട്ടികജാതി കോളനികളിലെ റോഡുകളുടെ നവീകരണം</u>

5618 **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ പട്ടികജാതി കോളനികളിലെ റോഡുകൾ നവീകരിക്കുന്നതിനോ നിർമ്മിക്കുന്നതിനോ പദ്ധതികൾ നിലവിലുണ്ടോ ; വ്യക്തമാക്കാമോ;**

(ബി) **പട്ടികജാതി കോളനികളിലെ റോഡുകളുടെ നവീകരിണത്തിനായി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് പ്ലാനിംഗ് ബോർഡ് അംഗീകാരം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;**

(സി) **ആറ്റിങ്ങൽ മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ റോഡുകളുടെ ശോചന്യാവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;**

(ഡി) **ഉണ്ടെങ്കിൽ പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?**

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗക്കാർക്കായുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്</u>

5619 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി മുഖേന നിയമനം ലഭിച്ചു എന്നും അത് ഏതൊക്കെ വകുപ്പുകളിലും ഏതൊക്കെ സ്ഥാപനങ്ങളിലുമാണെന്നും വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സംവരണപ്രകാരം പട്ടികജാതി വിഭാഗക്കാരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ടോ; എന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ഒഴിവുകൾ നികത്തുന്നതിന് 'സ്പെഷ്യൽ റിക്രൂട്ട്മെന്റ്' നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏതൊക്കെ വകുപ്പുകളിലെ നിയമനത്തിനുവേണ്ടിയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സർക്കാർ വകുപ്പുകളിലെ ക്ലാസ് ക വിഭാഗത്തിൽപ്പെട്ട തസ്തികകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ നിയമനത്തിനായുള്ള ഒഴിവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളിലാണെന്ന് വ്യക്തമാക്കാമോ;

(ഇ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി സംവരണം ചെയ്തിരുന്ന ഒഴിവുകളിലെ നിയമനത്തിന് ഉദ്യോഗാർത്ഥികൾ ഇല്ലാതിരുന്നതു മൂലം പ്രസ്തുത നിയമനം മറ്റേതെങ്കിലും വിഭാഗക്കാർക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കോച്ചിംഗ് & അലൈഡ് സ്കീം**

5620 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രഹിതരായ പട്ടികജാതി യുവതിയുവാക്കൾക്കായി നൂറു ശതമാനം കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന കോച്ചിംഗ് & അലൈഡ് സ്കീമിന് 2011-2012 ലെ ബഡ്ജറ്റിൽ എന്തു തുക വകകൊള്ളിച്ചിരുന്നു ; ഇതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) തുക ചെലവഴിക്കാതെ ലാപ്സാക്കിയതിന് കാരണമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വരും വർഷങ്ങളിൽ തുക ലാപ്സാകാതിരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**അംബേദ്കർ ഭവന് അനുവദിച്ച ഭൂമി**

5621 **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ അംബേദ്കർ ഭവൻ നിർമ്മിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എത്ര ഏക്കർ ഭൂമിയാണ് അനുവദിച്ചിട്ടുള്ളത്; പട്ടികവിഭാഗങ്ങൾക്കുവേണ്ടി എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ സജ്ജമാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) അംബേദ്കർ ഭവൻ നിർമ്മാണത്തിനായി 2011-12 -ലെ ബഡ്ജറ്റിൽ എത്ര ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു; അതിൽ എത്ര ലക്ഷം രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) തുക ചെലവഴിച്ചില്ലെങ്കിൽ അത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**<u>പട്ടികജാതി വിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായം</u>**

**5622 ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാർക്ക് അനുവദിക്കുന്ന ചികിത്സാ ധനസഹായം അപേക്ഷസമർപ്പിച്ച് എത്ര സമയത്തിനുള്ളിൽ നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ബി) അനുവദിക്കുന്ന ധനസഹായം അപേക്ഷകരെ കണ്ടെത്താനാകാത്തതിനാൽ തിരിച്ചടയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ഹോസ്റ്റലുകളിൽ സ്ഥിരം വാർഡൻ**

**5623 ശ്രീ. സി. കെ. നാണു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വടകരയിലുള്ള ഹോസ്റ്റലുകളിൽ സ്ഥിരമായി വാർഡനില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഹോസ്റ്റലുകളിൽ വാർഡനെ സ്ഥിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർക്കായുള്ള ഭൂമി വാങ്ങൽ പദ്ധതി</u>

5624 ശ്രീ. ആർ. സെൽവരാജ്
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കായുള്ള ഭൂമിവാങ്ങൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഗ്രാമപഞ്ചായത്തിൽ നിന്നുള്ള പദ്ധതിയ്ക്ക് ധനസഹായം നൽകുന്നതിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്; വിശദാംശങ്ങൾ നൽകുമോ;

(സി) നഗരസഭകളിൽ നിന്നുള്ള പദ്ധതിയ്ക്ക് ധനസഹായത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിൽ പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വന്തമായി വീട്**

**5625 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പട്ടികജാതിയിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് സ്വന്തമായി കിടപ്പാടമുണ്ടെന്നും, ഇനി എത്ര കുടുംബങ്ങൾക്ക് കിടപ്പാടം ലഭ്യമാക്കാനുണ്ടെന്നും താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കൊട്ടാരക്കര മണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

**5626**

**ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ആകെ എത്ര പട്ടികജാതി കോളനികൾ ഉണ്ട്;

(ബി) ഗ്രാമപഞ്ചാത്തുകൾ തിരിച്ചുളള പേരു വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് ഈ സാമ്പത്തിക വർഷം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ

# 06.07.2012-ലെ മറുപടിക്ക്

**പട്ടികജാതിക്കാർക്ക് മാത്രമായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

**5627 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പട്ടികജാതിക്കാർക്ക് മാത്രമായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ അവ എവിടെയെല്ലാമാണെന്നും എന്തെല്ലാം കോഴ്സുകളാണ് പ്രസ്തുത സ്ഥാപനങ്ങളിൽ ഉള്ളതെന്നും വ്യക്തമാക്കുമോ ;

(സി) പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപാറയിൽ പട്ടികജാതി വിഭാഗക്കാർക്കായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**നാട്ടിക നിയോജകമണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

5628 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി ക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ നാട്ടിക നിയോജകമണ്ഡലത്തിൽ ആരംഭിച്ചതും പൂർത്തീകരിച്ചതുമായ വിവിധ ക്ഷേമപ്രവർത്തനങ്ങളുടെ വിശദാംശം പ്രത്യേകം പ്രത്യേകമായി വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അനുവദിച്ച തുക</u>

5629 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കറുകുറ്റി,മൂമുക്കന്നൂർ പഞ്ചായത്തുകളിൽപ്പെട്ട 40 ഓളം കുടുംബങ്ങൾ താമസിക്കുന്ന എസ്. സി. കോളനിയിൽ നിലനിൽക്കുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ബന്ധപ്പെട്ട പഞ്ചായത്തുകൾ പാസാക്കി സമർപ്പിച്ച പ്രമേയത്തിൽ നിർദ്ദേശിച്ചിട്ടുള്ള തുക അനുവദിക്കുന്നതിലെ കാലതാമസത്തിന് കാരണമെന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>പട്ടികജാതി കോളനികളിലെ കുടിവെള്ള വിതരണം</u>

5630 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളുണ്ട് ; അവ ഏതെല്ലാമാണ് ; പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത കോളനികളിൽ പൂർണ്ണമായും കുടിവെള്ള വിതരണമുളള കോളനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കുടിവെളള വിതരണം കാര്യക്ഷമമായി നടപ്പിലാക്കിയിട്ടില്ലാത്ത കോളനികളിൽ കുടിവെളള ലഭ്യത ഉറപ്പ് വരുത്തുന്നതിന് പ്രത്യേക കുടിവെളള പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ഹോസ്റ്റൽ നിർമ്മാണത്തിന് വകയിരുത്തിയ തുക**

5631 **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥിനികൾക്ക് വേണ്ടിയുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനും (100% സി. എസ്. എസ്.) ആൺകുട്ടികൾക്കുവേണ്ടിയുള്ള ഹോസ്റ്റൽ നിർമ്മാണത്തിനും (50% സി. എസ്. എസ്.) വേണ്ടി 2011 -12-ലെ ബഡ്ജറ്റിൽ എന്തു തുക വീതം വകകൊള്ളച്ചിരുന്നുവെന്നും, അതിൽ എന്തുതുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

(ബി) തുക ചെലവഴിച്ചില്ലായെങ്കിൽ, ലാപ്സാകാനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വരും വർഷങ്ങളിൽ ബഡ്ജറ്റ് തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**പട്ടികജാതി വിഭാഗങ്ങൾക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ**

**5632 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങൾക്ക് സ്വകാര്യ മേഖലയൽ തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനകം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് സർക്കാർ ഇടപെടലിലൂടെ ഇപ്രകാരം തൊഴിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**ചേലക്കര ഐ.ടി.ഐയുടെ പ്രവർത്തനങ്ങൾ**

**5633 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ വരവൂരിൽ പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള ഐ.ടി.ഐയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങളുടെ കരാർ ഏത് സ്ഥാപനത്തിനാ ണെന്നും ആയത് പൂർത്തീകരിക്കേണ്ട കാലാവധി എപ്പോഴാണെന്നും അറിയിക്കുമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കു മെന്നത് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## പട്ടികജാതി വികസനവകുപ്പിൽ അഡീഷൻ റ്റു കേഡർ വ്യവസ്ഥ

5634 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിവികസന വകുപ്പിൽ മിക്കജില്ലാഓഫീസുകളിലും റിസർച്ച് അസിസ്റ്റന്റ്, സ്റ്റാസ്റ്റിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവയാണെന്നതിനാൽ ഒഴിഞ്ഞു കിടക്കുകയാണെന്നും ഇത് വകുപ്പിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ അയച്ച A3. 3158/2010 തീയതി. 1-3-2010 നമ്പർ കത്തിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമേ ;

(സി) പട്ടികജാതിവികസനവകുപ്പിലെ റിസർച്ച് അസിസ്റ്റന്റ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ ഡെപ്യൂട്ടേഷനിലൂടെ നിയമിക്കുന്നതിനുപകരം അഡീഷൻ റ്റു കേഡർ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**വിശ്വകര്‍മ്മജരെ പരമ്പരാഗത തൊഴില്‍ സമുദായമായി പ്രഖ്യാപിക്കുന്ന ഉത്തരവ്**

**5635 ശ്രീ. എ. കെ. ശശീന്ദ്രന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വിശ്വകര്‍മ്മജരെ പരമ്പരാഗത തൊഴില്‍ സമുദായമായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കില്‍ പ്രസ്തുത ഉത്തരവിന്റെ പകര്‍പ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) ഈ ഉത്തരവ് അനുസരിച്ച് സ്വീകരിച്ച തുടര്‍ നടപടികളുടെ വിശദവിവരം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

5636 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **പിന്നോക്ക സമുദായക്ഷേമ വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ?**

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**പിന്നോക്ക സമുദായ കോർപ്പറേഷന് വായ്പ കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക**

5637 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്ക സമുദായ കോർപ്പറേഷൻ മുഖേന എത്ര കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്;

(ബി) പിരിഞ്ഞു കിട്ടാനിടയില്ലാത്ത കുടിശ്ശിക തുക എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## പിന്നോക്ക വിഭാഗ വികസന കോര്‍പ്പറേഷന്‍ വായ്പകള്‍

5638

ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പിന്നോക്ക വിഭാഗ വികസന കോര്‍പ്പറേഷന്‍ വഴി നല്‍കുന്ന വായ്പകള്‍ കാലാനുസൃതമായി ഉയര്‍ത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇവ ലഭ്യമാക്കുന്നതിനുളള ജാമ്യ വ്യവസ്ഥകള്‍ കൂടുതല്‍ ലളിതമാക്കുന്ന കാര്യം ആലോചിക്കുമോ;

(സി) ഇപ്പോള്‍ വിദ്യാഭ്യാസ വായ്പയായി നല്‍കുന്ന പരമാവധി തുകയെത്രയെന്നറിയിക്കുമോ;

(ഡി) ഏതെല്ലാം വിഭാഗത്തില്‍പ്പെട്ട വിദ്യാര്‍ത്ഥികള്‍ക്കാണ് ഇപ്പോള്‍ വായ്പ നല്‍കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>ടൂറിസം മേഖലയുടെ വികസനം</u>

5639 ശ്രീ. ജോസഫ് വാഴക്കന്‍
'' ആര്‍. സെല്‍വരാജ്
'' കെ. അച്ചുതന്‍
'' ഐ.സി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സ്റ്റേറ്റ് ടൂറിസം അഡ്വൈസറി കൗണ്‍സിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ടൂറിസം മേഖലയുടെ വികസനത്തിന് കൗണ്‍സില്‍ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) എന്തെല്ലാം അധികാരങ്ങളാണ് കൗണ്‍സിലിന് നല്‍കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**<u>സപ്തധാര</u>**

**5640 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സപ്തധാര പദ്ധതിയിൽ പ്രഖ്യാപിച്ച ഉത്തരവാദ ടൂറിസം പദ്ധതി എന്തെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിലൂടെ സർക്കാർ വിഭാവനം ചെയ്യുന്ന ടൂറിസം സാധ്യതകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ഡി) പുതുതായി ഏതെല്ലാം കേന്ദ്രങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി</u>

5641 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ്കുമാർ
'' റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ ടൂറിസം വികസനത്തിനായി ഏതെല്ലാം പദ്ധതികളാണ് കേന്ദ്ര ടൂറിസം വകുപ്പിന് സമർപ്പിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് ഇതിനോടകം അംഗീകാരം ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകളെ പ്രയോജനപ്പെടുത്തുന്ന തരത്തിൽ ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>ടൂറിസം മാസ്റ്റർ പ്ലാൻ</u>

5642 ശ്രീ. റ്റി. എൻ. പ്രതാപൻ
'' എം. പി. വിൻസെന്റ്
'' ഡൊമിനിക് പ്രസന്റേഷൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സവിശേഷസാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി വൈവിദ്ധ്യമായ ടൂറിസം പദ്ധതികൾക്ക് സഹായകരമാകുന്ന വിധത്തിൽ ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ശ്രമിക്കുമോ ;

(ബി) ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**കേന്ദ്രാനുമതി ലഭിച്ച ടൂറിസം പദ്ധതികൾ**

5643

**ശ്രീ. കെ. സുരേഷ് കുറുപ്പ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷത്തിൽ ടൂറിസം രംഗത്തെ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര ഗവൺമെന്റ് അനുമതി നല്കിയത്;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) കേന്ദ്രാനുമതിയുടെ നമ്പരും തീയതിയും ഇവ ഓരോന്നിനും സംസ്ഥാന ഗവൺമെന്റ് ഭരണാനുമതി നല്കി പുറപ്പെടുവിച്ച ഉത്തരവുകളുടെ നമ്പരും തീയതിയും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി നൂതന പദ്ധതി</u>

**5644 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിലൂടെ എത്ര വിനോദ സഞ്ചാരികളെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>കേരള വേസ്റ്റ്ഫ്രീ ഡെസ്റ്റിനേഷൻ പദ്ധതി</u>

5645 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങൾ ശരിയായ രീതിയിൽ മാലിന്യസംസ്ക്കരണം നടപ്പിലാക്കാത്തതിനാൽ വൃത്തിഹീനമായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള വേസ്റ്റ് ഫ്രീ ഡെസ്റ്റിനേഷൻ എന്ന പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>ടൂറിസം സ്ഥിതി വിവര കണക്കുകൾ</u>

5646 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും ഒടുവിലത്തെ ടൂറിസം സ്ഥിതി വിവര കണക്കുകൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ 2006 മുതൽ 2012 വരെ ഓരോവർഷവും ആഭ്യന്തര വിദേശ ടൂറിസ്റ്റുകൾ നടത്തിയ സന്ദർശനത്തിന്റെ സ്ഥിതിവിവര കണക്കുകൾ വിശദമായി ഇനം തിരിച്ച് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>വയനാടിന്റെ വിനോദ സഞ്ചാര സാധ്യതകൾ</u>

5647 **ശ്രീ. എം. വി. ശ്രേയാംസ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വയനാട് സന്ദർശിച്ച ആഭ്യന്തര വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം എത്രയെന്നു വ്യക്തമാക്കുമോ ;

(ബി) വയനാടിന്റെ വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ലോക ടൂറിസം ഭൂപടത്തിൽ വയനാടിന് ഇടം കണ്ടെത്താനുളള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**<u>തെന്മല ഇക്കോ ടൂറിസം</u>**

**5648 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാ
രവും വകുപ്പുമന്ത്രി വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തെന്മല ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന ബോട്ട് സർവ്വീസ് നിലച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ടൂറിസം സെന്ററിലെ പ്രധാന ആകർഷണം ബോട്ട് സർവ്വീസ് ആയതിനാൽ ആയത് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ കേന്ദ്രത്തിലേക്ക് പുതിയ ബോട്ടുകൾ വാങ്ങുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ബോട്ടുകൾ എപ്പോൾ വാങ്ങും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## <u>അഷ്ടമുടിക്കായൽ ടൂറിസം</u>

**5649** **ശ്രീ. പി.കെ. ഗുരുദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാ
രവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടിക്കായൽ ടൂറിസവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് ടൂറിസം വകുപ്പ് തയ്യാറാക്കുന്നത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) അഷ്ടമുടിക്കായൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ മെഗാടൂറിസം പദ്ധതി</u>

5650 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാടൂറിസം പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കായംകുളത്ത് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

**ആലപ്പുഴ മാസ്റ്റർ പ്ലാൻ പ്രോജക്ട്**

5651 **ശ്രീ. സി.കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ടൂറിസം ലക്ഷ്യമാക്കിയുള്ള മാസ്റ്റർ പ്ലാൻ പ്രോജക്ട്-റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മാസ്റ്റർ പ്ലാൻ ആരാണ് തയ്യാറാക്കിയിട്ടുള്ളത്; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മാസ്റ്റർ പ്ലാനിൽ എന്തെല്ലാം പദ്ധതികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

**കരുമാടിക്കുട്ടൻ പാർക്ക് ടൂറിസം സർക്യൂട്ട്**

**5652 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ കരുമാടിക്കുട്ടൻ പാർക്ക് ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി വികസിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) കരുമാടിക്കുട്ടൻ പാർക്കിൽ സ്വകാര്യ പരിപാടികൾ നടത്തുന്നതിന് അനുമതി നൽകാറുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള മാനദണ്ഡം എന്താണ്; പാർക്ക് മറ്റാവശ്യങ്ങൾക്കായി നൽകിയിട്ടുള്ളത് ആർക്കൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>പുന്നപ്ര പറവൂര്‍ ബീച്ച് ടൂറിസം</u>

5653

ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പുന്നപ്ര-പറവൂര്‍ ബീച്ച് ടൂറിസത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം നല്‍കുമോ;

(ബി) പുന്നപ്ര-പറവൂര്‍ ബീച്ച് ടൂറിസം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് അമ്പലപ്പുഴ എം. എല്‍.എ. നല്കിയ കത്ത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ അതിന്മേല്‍ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥ സംഘം പറവൂര്‍ കടപ്പുറം സന്ദര്‍ശിക്കുകയും അതു സംബന്ധിച്ച് റിപ്പോര്‍ട്ട് സമര്‍പ്പിക്കുകയും ചെയ്തിട്ടുണ്ടോ;ഉണ്ടെങ്കില്‍ വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ മലവേൽ ടൂറിസം വികസന പദ്ധതി</u>

5654

**ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഇടമുളയ്ക്കൽ വില്ലേജിൽ മലവേൽ ടൂറിസം വികസന പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി കൈമാറ്റം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് ഡി. റ്റി. പി. സി. സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഭൂമി കൈമാറ്റം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.07.2012-ലെ മറുപടിക്ക്

<u>തിരുവല്ല വാരൂർ പാർക്ക്</u>

5655

ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവല്ലയിലെ ചന്തക്കടവിലുള്ള ഡി. റ്റി. പി. സി. യുടെ കീഴിലുള്ള വാരൂർ പാർക്ക് പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ ഇവിടെ എത്ര ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

<u>എറണാകുളം ഗവൺമെന്റ് ഗസ്റ്റ്ഹൗസിലെ അഴിമതി</u>

**5656 ശ്രീ. സി. പി. മുഹമ്മദ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഗവൺമെന്റ് ഗസ്റ്റ്ഹൗസിലെ അഡ്മിനിസ്ട്രേഷൻ ഡെപ്യൂട്ടി ഡയറക്ടർ എ. ഇന്ദിര, കാറ്ററിംഗ് മാനേജർ ജിൻജോയി, മുൻകാറ്ററിംഗ് മാനേജർ ജെ. ജി. പ്രേംകുമാർ എന്നിവർക്കെതിരെയുള്ള അഴിമതി ആരോപണങ്ങൾ എറണാകുളം ടൂറിസം റീജിയണൽ ജോയിന്റ് ഡയറക്ടർ അന്വേഷിച്ച് നടപടിക്ക് ശുപാർശ ചെയ്തുകൊണ്ട് സമർപ്പിച്ച 31-3-2012-ലെ റിപ്പോർട്ട് ടൂറിസം ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുന്നതിനുവേണ്ടി സർക്കാരിലേക്ക് അയച്ച് കൊടുക്കാതെ ടൂറിസം ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് സീനിയർ സുപ്രണ്ട് ഫയൽ പൂഴ്ത്തി വച്ചതിനെതിരെ വകുപ്പുമന്ത്രിക്കും, ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറിക്കും പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമേ ;

(സി) അഴിമതി ആരോപണ വിധേയരായ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
# 06.07.2012-ലെ മറുപടിക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

5657 ശ്രീ. എ. പ്രദീപ് കുമാർ
,, എ. എം. ആരിഫ്
,, കെ. വി. അബ്ദുൾ ഖാദർ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ അതിന്റെ ഉദ്ദേശ്യലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിന് ഇനിയും നടത്തേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതിനായി സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ -വ്യവസായ -വ്യാപാര -വാണിജ്യ മേഖലയെ പ്രസ്തുത പദ്ധതിയുടെ മുഖ്യ ഭാഗമാക്കി മാറ്റുന്നതിന് സാധിച്ചിട്ടുണ്ടോ;

(ഡി) ഫെസ്റ്റിവലിന്റെ ഭാഗമായി വിറ്റഴിക്കപ്പെടുന്ന ഉല്പന്നങ്ങൾ സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കുന്നു എന്നുറപ്പാക്കാൻ എന്തെല്ലാം ശ്രമങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്;

(ഇ) ഇതിന്റെ ഭാഗമായി കേരളത്തിന്റെ തനത് ഉല്പന്നങ്ങൾ എന്തെല്ലാം നിലയിൽ പ്രമോട്ടു ചെയ്തു വരുന്നുണ്ട്?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി-ഇൻ-ചാർജ്
2012 ജൂൺ 27.

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു